പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3879

21.06.2019 ൽ മറുപടിക്ക്

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ആശ്രിത നിയമനം**

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | വ്യവസായ വകുപ്പ് 25.01.2016-ൽ ഇറക്കിയ ജി.ഒ. (എം.എസ്) 13/16/ഐഡി നമ്പർ ഉത്തരവു പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും അറ്റൻഡർ തസ്തികയുടെ എണ്ണം കുറയ്ക്കുകയും ചെയ്യുതിനാൽ വിദ്യാഭ്യാസയോഗ്യത എസ്.എസ്.എൽ.സി. മാത്രമുള്ളതും ആശ്രിതനിയമനം പ്രതീക്ഷിക്കുന്നതുമായ അപേക്ഷകർക്ക് നിയമനം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>ഉം | ഉണ്ട്. 25.01.2016 ലെ സ.ഉ.(കൈ) 13/2016/വ്യവ നമ്പർ ഉത്തരവ് പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. ആയതു പ്രകാരം തൊഴിലാളികളുടെ എണ്ണം 376 ആയി നിജപ്പെടുത്തിയിരുന്നു. ഈ ഉത്തരവിൽ കമ്പനിയിലെ അറ്റൻഡർ തസ്തികയുടെ എണ്ണം 10 ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്ത് അറ്റൻഡർമാർ കമ്പനിയിൽ ഉണ്ട്. ആയതിനാൽ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. മാത്രമുള്ളതും ആശ്രിത നിയമനം പ്രതീക്ഷിക്കുന്നതുമായ അപേക്ഷകർക്ക് നിയമനം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| ബി) | ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ? | ബി)<br>ഉം | 28.07.2016-ലെ സർക്കുലർ നമ്പർ D1/132/2016/IND പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ആശ്രിതനിയമനത്തിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനത്തിൽ ഒരു തുറന്ന തസ്തിക ഒഴിവുണ്ടെങ്കിൽ മാത്രമേ തുടർ നടപടിയ്ക്കായി സമർപ്പിക്കുവാൻ പാടുള്ളൂ എന്നും ഒരു നിയമനവും സൂപ്പർന്യൂമററി തസ്തികയിൽ സൃഷ്ടിച്ച് നടത്തുവാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും ടി.സി.സി.എൽ-ൽ ജോലിയിലിരിക്കെ മരണപ്പെട്ട 11 പേരുടെ ആശ്രിതർക്ക് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ